- The promotion from Meter reader to Sub-engineer should be based on achievement of diploma engineering or equivalent training (internally).
- It is essential as the subsequent move is to the position of AE.
- MRs becoming SEs merely on the basis of seniority without having relevant field experience
- MRs should be mentored by existing SEs for say 1 year before taking charge as SE.

**THOSE PROGRESSING FROM AXE TO EE**

- The provision for those with Seniority and arising vacancy in Diploma quota may be abolished
- Address the Skill Resource Mismatch -
- AXEs are trained in computer and need it for effective delivery of the duties, but no such facility is provided in sub divisions.

**SA**

- Many SAs are found to be professionally qualified with degrees such as MBA and since long waiting for promotions. We believe it's a waste of talent that not only goes unutilized,
  but also contributes to employee dissatisfaction and under performance.
- They may be given with additional responsibility such as HR activities like training and development in circle office after adequate training and orientation
- As per the JD this position under the domain of distribution requires people handling acumen. Utilize and redeploy the SAs in appropriate positions in distribution where the JD requirement is major field level customer interaction, but less use of engineering skills
- The surplus employees of SA may also be redeployed in Hydel tourism projects.

**FOR RECRUITMENT OF DIVISIONAL ACCOUNTANTS**

- The criteria of "Graduation with CA or ICWA" may be changed to "either CA or ICWA"without requirement of graduation
- Two other categories of MBA with finance specialization or BBA with finance experience may be added
- The quota ratios also may be changed to:
  - 50% (Professional qualification)
  - 30% (KPSC qualification)
  - 20% (SAs with Account Test)

- For becoming Finance Officer and Senior Finance Officer, a professional qualification
  (CA/ICWA/MBA (Fin)) may be appropriate
- Recruitment to AFO and higher posts, may be considered purely on the merit of availability and performance

**RECRUITMENT OF SES:**

- The criteria of 10% reservation for overseers with ITI/Diploma or SSLC with 5 years' experience may be conditional on:
- Clearing an additional test specifically designed for the purpose for overseers who have SSLC and 5 years' experience.

**PROGRESSION OF SUB ENGINEERS TO ASSISTANT ENGINEERS, ON ACCOUNT OF CONCERNS OF OVERSUPPLY ON SOME CATEGORIES AND LITIGATIONS REGARDING SOME OTHERS:**

- Quota for those with certificates may be changed to 10% (from earlier 20%)
- Quota for those through PSC with B.Tech. and employees in any category may be changed to 20% (from earlier 10%)
- Quota for those with PSC through open market may be changed to 50% (from earlier 40%)

**PROMOTION TO THE POSITION OF EE AND ABOVE SHOULD BE BASED ON PERFORMANCE.**

- Do away with promotion to the above positions based on PSC rank.
- Recruitment to posts of EE and above may be considered purely on the merit of availability and performance
- Officers need to be trained before transfer and promotion and must be based on competency particularly when employees are moving among Generation, Distribution and Transmission.

**ASSISTANT ENGINEER (AE) -**

- Although, selection of officers is done through PSC examinations, we strongly recommend that, deploying them to generation, transmission, and distribution, should be done based on their interest and skills. Based on our conversation and reflection, we inferred that distribution demands individuals to be proficient in management, customer orientation, and marketing, while generation demands an interest and proficiency in engineering. It would benefit KSEB immensely, if the competencies identified against each position is utilized for deployment of officers. Further, it shall also be beneficial, if personnel are trained in requisite competencies before their promotions and transfers.
- Promotions should not be decided based on PSC rank, which appears prima facie unfair. A suitable performance appraisal system may be designed and implemented, and promotions should be contingent on competencies and performance

- The number of AEs in all RPTI as well as PETARC should be reduced to one in each location due to less avenues for utilization of skills. The volume of work as per the JD does not match the existing number of AEs employed in the RPTI as well as PETARC. The field observation reveals the engagement of AE - Electrical deployed in training centre and supervising housekeeping work is a gross mis-utilization of the talent by the organization.
- Further, efforts should be made to
  encourage lateral entry of MBAs into distribution. This shall also help rationalize the recruitment of engineers into KSEB, and employ them predominantly in transmission and generation

**DRIVERS AND SWEEPERS**

- These roles are non-core to the activity of KSEB and found to be costly also. While a senior driver in KSEB is noticed to draw salary of 60,000 rupees per month the average salary
  of a sweeper found to be 25309 rupees. In order to achieve competitive advantage KSEB may engage divers & sweepers on contract basis instead of full time support staff. These jobs can also be outsourced to agencies at a cheaper cost which also reduce the recurring liability of the organization.

**ELECTRICAL WORKERS**

- Apart from the recommendations of ensuring qualification of ITI and training system mentioned earlier, KSEB may consider the following as the future option for the job electrical workers,
- Region-wise auctioning of multi-year contracts to manage maintenance and breakdown works
- Supervision of the works may still continue by fulltime employees
- Chance for such workers to become full time employees as Overseers
- Such full time employment may however will be of shorter duration (e.g., 10 years)
- Upon superannuation, such full time employees may be given preference for bidding for contracts for managing breakdown and maintenance work.

**BEYOND IIM-K REPORT: CRITICAL OBSERVATIONS**

- The approach taken by IIM-K in dealing with the issues in KSEBL a very generic. They tried to analyses the issue academically without going into complexities of the power sector and that too of a vertically integrated organization which is yet to be structurally unbundled as envisaged in EA-2003.

- The bench marking is done by comparing the performance of KSEBL, a vertically integrated *organization*, with the unbundled distribution utilities or generation companies! The comparison of performance of different organizations without functional uniqueness is fundamentally wrong. Instead, the functional performance of each distinct functions, that is; Distribution, transmission and generation should have been evaluated separately and compared. This would have helped in identifying the inefficient functions in the organization. As such, the study is concentrated mainly on the distribution field offices and the analyzed the organization mainly as a distribution company and booking the entire activity against the distribution function.
- Bench marking did not consider the peculiarity of the terrain, the vegetation, the network requirement,

  the unique consumer mix and distributed settlement of households in the state which calls for higher investments and high employee ratio to ensure better service to the consumers. Again the level of aspirations of the consumers in the state cannot not be comparable with that of the normal utilities but only with the consumers of city utilities in India.
- Many bench marking observation itself are conflicting. In the benching marking as a distribution company, power purchase activity is stated as most efficient and it is stated that with the introduction of Power Purchase input, KSEBL brought to the 18th position among 48 DMU**s.** But KSEBL as a generation company is not stated as efficient! Actually the reason for low power purchase cost as a DISCOM is the low cost self-generation of hydel electricity to the tune of 40-50% of the total energy requirement. As such it is observed that there is something wrong with this analysis.
- Bench marking of KSEBL as a GENCO, comparing with other Generating companies in India is fundamentally wrong because KSEBL is the only utility in India with nearly

  100% hydel generation and most of these generating stations are operated at extended useful life. Again as per CERC norm, each generating station is a distinct unit and its performance need to be evaluated distinctly. Evaluating the performance of KSEBL with all its assets and liabilities as a GENCO is fundamentally wrong.

  Taking theoretical shortcuts instead of normative procedures as envisaged by CERC to save time and energy in doing the studies may not provide us with the correct inputs for improving the organizational efficiencies.

- Even in case of the analysis as a Discom, IIM-K has not made an in-depth study of the distribution functions, field issues, accounting blunders, lack of mechanization in technical works and the technical issues being faced. According to them, the employee cost, the administrative cost and generation expenses and O&M cost are the least efficient inputs. But they failed to look in to the mess that happens in KSEBL just because it is a state PSU.

- KSEBL is the only Discom in India where the same establishment is being used for capital works and O&M works. Consequently, correct accounting of capital and O&M works become a distant dream and no proper account of the assets with its useful life and value is available for appropriate action.
- The distribution network is maintained with majority assets having extended useful life and still booked with same O&M cost as that of a new asset. Timely renovation of such assets are long pending and actually KSEBL do not have a correct account of its assets to ensure a systematic renovation of old assets. In the end, instead of providing the licensee with loan cost, depreciation income and less O&M, these assets drain the account of the licensee with high O&M and employee cost.
- KSEBL establishment and employee are abundantly used for implementing government policies without appropriate accounting. Sometimes these activities even conflict with licensee responsibility and goal. Again KSEBL is providing consultancy service to almost all government departments and local bodies in preparing and implementing their projects in official capacities. As such, there is a need for coordinating the activities with the government and local bodies to ensure that the precious time and energy of the KSEBL staff and officers are not wasted for no gain of the organization.

- IIM-K not made any analysis of the functions carried out in transmission and generation wings and they are totally left out from the evaluation.
- Actually each generating station need to be taken as a distinct unit and need to be evaluated against the normative data provided by CERC for each type of generating station. This will provide us with the correct input for improvement of each generating station.
- In case of transmission function, the EA 2003 and Tariff policy envisaged feeder wise and substation wise energy accounting and CERC has provided with normative data for evaluation of the efficiency. Even the AT&C loss which is considered as the most efficient input can be manipulated in the absence of a time synchronized real time energy audit mechanism. Again the segregation of Technical and commercial losses and between transmission and distribution losses is basic requirement for locating the high loss networks and efficient functional improvement of the KSEBL as a total utility.

- IIM-K did not make any recommendations regarding the functions of the special wings like Protection, SCADA, Communication, TMR, SLDC etc. Actually the functions of these wings are very critical to ensure reliable and quality electricity to the consumer, coordination and effectiveness of the general functions, the generation, transmission and distribution. Actually the specific reform report, the Pradan Committed report for SLDC is not even find a reference in the IIM-K report!
- According to IIM-K, one of the least efficient input is the establishment cost. But they have not made any serious observations or proposed any concreate suggestion on the effective utilization of the civil engineers, a redundant category in KSEBL. Actually there are enough work for them in the construction activities and infrastructure creation of distribution, transmission and generation wings in addition to the O&M activities of the civil structures. But it is observed that they remain unaccountable for any output andadding to the inefficient component of the organization.
- The Administrative and General expenses have been pointed out as another least efficient input parameter. But it is observed that IIM-K has not made any evaluation or proposal for restructuring of administrative function and the jumbo corporate establishment at Vydhuthi Bhavanam, Thiruvanathapuram.
- KSEBL is still a vertically integrated organization with generation, transmission, distribution, trading and SLDC together. Bench marking the performance of the organization with that of functionally restructured and bundled utilities do not provide us with correct input for corrective action for improving the efficiency and effectiveness of the organization.
- In KSEB, even the generation function, transmission function & the distribution function is not distinctly separated as envisaged in the EA 2003. Hence the establishment cost as distribution licensee or as a Generation company need not be realistic.
- The actual asset valuation of the KSEBL asset with useful life need to be accounted properly with correct segregation of capital works and maintenance work. Unless such an exercise is complete the bench marking of O&M may not be correct

**Conclusion:**

IIM-K report is academically based and not equipped with solutions to meet the complexities faced by the power sector in general and KSEBL in particular. The report is useful only for general organizational change in distribution sector consequent to the change of environment from KSEB to KSEBL and failed to address most of the real issues being faced by the organization. Functional restructure of the organization into generation, transmission and distribution units as envisaged in the power sector reform is a prerequisite for effective implementation of the recommendations given in IIM-K report. This means total ring fencing of each of profit centers in real time. That is each profit center functions through real time energy accounting, real time material accounting and real time money accounting. The corporate function need to be limited to the corporate activities of the holding company with functional freedom for all three profit centers in HR, Material Procurement and Planning.

❖

# An unsettling thought on Asteroids

*Er. G. Chandran Pillai*

*"Asteroid strikes are what we call low-probability, high consequence events. If we are not taking the threat from incoming space rubbles seriously, one of them, one day, could take us all out"*

(Cosmic defender *Don Yeomans)*

It was 65 million years ago. Dinosaurs had been roaming the planet. Then, one day, a giant rock coming from space and having about 10 km diameter, struck the Yucatan peninsula in Mexico. The impact left a crater now known as Chicxulub. It is supposed to be over 100 miles in width and 10 miles in depth. The energy released was 100 trillion tons of TNT. This power is over one billion times the power of the Hiroshima and Nagasaki atom bombs together. The huge blast, according to new hypothesis, sent large rocks from the Earth to Mars and Europa, the satellite of Jupiter. Scientists believe that rocks bigger than 3 meters packed with various living species have travelled all the way to Mars and Europa!

The violent collision triggered mega tsunamis across the oceans and released tremendous heat to start wild fires. Colossal shock waves caused global earthquakes and volcanic eruptions. Dense clouds of dust blocked the sun's rays, cooling the Earth by tens of degrees Celsius and darkened the entire surface of the planet, affecting plants and other photo synthesizing life. When the dust finally settled, greenhouse gasses, created by the impact, caused temperatures to skyrocket above pre-impact levels. In just a few years, these climatic extremes wiped out all the dinosaurs and more than 80% of all plants and animals living at the time.

**Tunguska Explosion**

At about 7.17am on June30, 1908 a giant explosion shook Central Siberia. Witnesses close to the event saw a fireball in the sky as hot and bright as our sun. The inhabitants saw the explosion over an area with a radius of 600-1000 kms. The blast centred in a desolate forest area near the Tunguska River in Russia, unleashed energy equivalent to 300 Hiroshima bombs. Eighty million trees over an area of 2150 square kilometres in the coniferous forest were uprooted and blown down in a radial pattern from the blast zone. The catastrophe caused buildings to shake, windows to break and people to be knocked off their feet even at 40 miles away. Dust from the explosion hovered over Europe. The nights following the blast were unusual. Bright night time illumination was reported throughout Europe and Western Russia to the extent that Londoners could read news paper at midnight without artificial lighting!

The most accepted scientific explanation is that an asteroid 40m wide entered Earth's atmosphere at a speed of about 33500 miles per hour and exploded at a height of about 28000 feet. *Many Russians, believing this to be a sign of the approaching end of the world, left their homes*

*and belongings and wandered off to holy shrines and monasteries, praying and fasting in preparation for the Final Day of Judgement!*

**Chelyabinsk blast**

Again on Feb 15, 2013 a twenty meter wide asteroid made its 18-second run across Russia with a speed of 42,500 miles per hour, this time near the city of Chelyabinsk with an energy of around 500 kilotons of TNT, 30 times more than that of the Hiroshima bomb. The blast generated a shock wave which blew out windows and rocked buildings .At least 1400 people were treated for injuries, most from falling building debris and flying glass. The number of damaged buildings was tallied over 7200, which included 6040 apartment blocks, 293 medical facilities and 718 educational institutions. The shock wave left a trail of damage 55 miles on either side of the rock's trajectory. The streaking fireball glowed 30 times brighter than the sun, causing skin and retinal burns to the people on the ground. Shattered fragments rained across Central Russia. Around four to six tons of the asteroid pieces crashed into Lake Chebarkul, 43 miles southwest of Chelyabinsk, leaving a 20 feet wide hole in its icy surface. The only thing that prevented 33 times the Hiroshima damage from being done was that the airburst took place 17 miles above Earth.

**Fireballs across Kerala sky**

Surprisingly on 27-2-2015 at about 10.30pm, bright fireballs lit up the sky in many parts of Kerala triggering panic among people. The fireballs left behind an orange trail as they descended and produced loud noises in some areas. This strange phenomenon lasted for a few seconds. Media houses, police and fire stations started receiving frantic calls from people across Kerala. "We have located a suspected impact crater in Karimallur village in Ernakulum district, "said a scientist with Disaster Management Authority. Experts concluded that it was a meteoroid. Luckily, no human loss reported.

**What are asteroids**?

Asteroids are large chunks of rocks left over from the formation of solar system about 4.6 billion years ago. They are in orbit around the sun. Nearly all asteroids are irregularly shaped, although a few are nearly spherical such as Ceres, the largest asteroid in the solar system about 950 kms wide and having 4% mass of our moon. The average temperature of the surface of a typical asteroid is minus 73 degree centigrade. Most asteroids lie in the vast ring between the orbits of Mars and Jupiter. This main asteroid belt contains more than 200 asteroids larger than 100 kms in diameter. Meteoroids are much smaller rocks or particles in orbit around the sun. If a meteoroid enters the Earth's atmosphere and vaporizes, it becomes a meteor (shooting star).

Hundreds of asteroids, despite their size have been classified as potentially hazardous. Many had hit the Earth in the past and more will crash into our planet in the future. Smaller ones could destroy a city or cause devastating tsunamis. Every day we get hit by 100 tons of pebbly

debris, all of which incinerates in the atmosphere. And in every eight months something comes in as big as a small car. An asteroid capable of global disaster has to be more than one kilometre wide. Such an impact could raise enough heat and dust into the atmosphere to create a nuclear winter severely damaging living species around the world.

Just look at the sizes of the asteroids that threaten us and how often they hit

Cosmic defender Don Yeomans who leads the Near Earth Object Program Office at NASA's Jet Propulsion Laboratory(JPL) in California, charged with the mission of watching the skies for errand asteroids that are capable of putting Earth in their crosshairs, estimates that ,on average, a Tunguska sized asteroid will enter Earth's atmosphere every 200 years. These posses a serious possibility that in the future a similar

| Size of asteroid | How many are near Earth | One hits Earth's atmosphere every- | Explosiveness compared to Hiroshima blast |
|---|---|---|---|
| 20cm | several billion | Day | 0.00002X |
| 4 m | Hundreds of millions | 8months | 0.2X |
| 30m | 1.3 million | 200 years | 87X |
| 140m | 20,000 | 13,000 years | 8600X |
| 1km | 1000 | 4, 40,000 years | 3 million X |
| 10km | 4 | 89 million years | 3 billion X |

Asteroids of 30-140m size that strike the Earth every 200 to 13000 years could destroy a city or cause devastating tsunamis. On the very day that Chelyabinsk got rocked, NASA was tracking another asteroid, known as 2012DA14, about the size of a small office building. It passed Earth within a distance of just 27580km, several thousand kilometres below the altitude of some of our highest flying satellites. With its sophisticated sky watching capabilities, NASA knew where 2012DA14 was going and knew it would miss. But many asteroids can hit Earth by sneaking through the same way that fighter pilots can get the jump on the enemy: by flying in from the direction of the sun.

asteroid could once again enter Earth's atmosphere, but this time, strikes at a populated area. The result would then be catastrophic!

**JPL** astronomers have found and plotted the trajectories of nearly 11000 asteroids that come within 1.3 astronomical units of the sun. A single astronomical unit is the distance from the sun to Earth-150 million kms. So 1.3 Aus means close. To qualify as a potentially hazardous asteroid the object must measure 140 m and come within 0.05 AU of Earth (7.5million kms). Currently NASA knows about 1500(40%) such asteroids and intends to find the remaining

in the near future. NASA also succeeded in finding 95% of the largest of these bodies- 1km or more. The aim is to project orbital cycles at least a century into the future.

**Keeping Track**

NASA's mission is n't just to watch all the near misses fly by but also to do something about the ones that are heading our way. One strategy is just give the asteroid a good hard shove, changing its trajectory a little when it is far away from Earth so that by the time it reaches us, it flies wide. "Depending upon distance," says Yeomans,"you might have to change the asteroid's velocity by only 1cm per sec." Such a course correction could be achieved by hitting the rock with a cannonball like projectile or even a spacecraft. However, no asteroid deflecting spacecraft exists, that it takes time to design one, build it and send it out on its mission. At the moment, Yeomans estimates we would need a 10 year window between the discovery of a killer rock and deflection if we wanted to avoid disaster. Almost all detection and tracing work is being done by the US now. We need bigger telescopes in space above the Earth's atmosphere. As the sky is black there, even fainter asteroids can be found more easily. NASA's mission will revolutionize our understanding of potentially hazardous asteroids and in categorizing them. Now we are a lot safer than we once were.

It is believed that if the Tunguska had happened 4hrs later, due to the rotation of the Earth, it would have completely destroyed the city of Vyborg and significantly damaged St.Petersburg. Lonar Crater Lake in Maharashtra(1.8kmdia), Canada's Sudbury crater(60kmx 30 km) and South Africa's Vredefort crater(300kms in dia), formed 50000 years, 1.8 billion years and 2 billion years ago respectively clearly indicate that such giant asteroids can slam into our planet again snuffing out most of Earth's life forms. It is the collective responsibility of all nations to work together to defend mother Earth from these hazardous asteroids.

Not all forms of life succumbed to the dino-killing event 65 million years ago, but the dominant one on the planet did. We have long since become heir to that position. Asteroid strikes are what we call low-probability, high consequence events. If we are not taking the threat from incoming space rubbles seriously, one of them, one day, could take us all out.

❖


## *Letters to the Editor*

### *കത്തുകൾ അയക്കേണ്ട വിലാസം*

*Chief Editor, Hydel Bullet,*
*KSEB Engineers' Association, Panavila*
*Thiruvananthapuram - 01, Phone : 0471 - 2330696*
*Email :hydelbulletin@gmail.com*

# കാശ്മീർ വിഷയം

*Er. രാജൻ വി.*

സ്വാതന്ത്ര്യലബ്ധിയോടെ നമുക്ക് കിട്ടിയ ഒരുകീറാമുട്ടി ആയിരുന്നല്ലൊ കാശ്മീർ പ്രശ്നം. മതത്തിന്റെ പേരിൽ രാജ്യം രണ്ടായി ഭാഗിച്ചപ്പോൾ കാശ്മീർ അതിൽ ഉൾപ്പെട്ടിരുന്നില്ലല്ലോ. അന്നത്തെ കാശ്മീർ രാജാവ് പാകിസ്ഥാന്റെ ആക്രമണം ഭയന്ന് ഇന്ത്യൻ യൂണിയനിൽ ചേരാൻ താല്പര്യപ്പെട്ടിരുന്നു. അതേസമയത്തുതന്നെ പാകിസ്ഥാൻ അതിന്റെ കുറെഭാഗം കൈയ്യേറി കഴിഞ്ഞിരുന്നു. ആ മുന്നേറ്റം തടഞ്ഞത് നമ്മുടെ പട്ടാളമായിരുന്നു. അതിനകം അവർ കൈയടക്കിയ പ്രദേശം അവരുടെ നിയന്ത്രണത്തിലായി, അത് തിരിച്ചുപിടിക്കാൻ നമ്മുടെ അന്നത്തെ രാഷ്ട്രീയ നേതൃത്വത്തിന്റെ ലിബറൽ സംസ്ക്കാരം കാരണം പട്ടാളത്തെ അനുവദിച്ചതുമില്ല. അങ്ങനെ ബാക്കി ഭാഗം ഇന്ത്യയുടെ നിയന്ത്രണത്തിലുമായി.അന്നുതുടങ്ങിയ സംഘർഷം ഒരയവുമില്ലാതെ ഇന്നും തുടരുന്നു. ഇതിനിടക്ക് പാകിസ്ഥാനിൽ പട്ടാളം അവിടത്തെ ഭരണത്തിൽ സ്വാധീനം സ്ഥാപിച്ചു, ബംഗ്ലാദേശ് പുതിയ രാജ്യമായി, ഭീകരർ പലപേരിൽ പാകിസ്ഥാനിൽ ആധിപത്യം സ്ഥാപിച്ചു. അങ്ങനെ അവിടത്തെ സർക്കാർ വെറും നോക്കുകുത്തിയായി മാറി.

പാകിസ്ഥാനിലെ ഭരണത്തിൽ മൂന്ന് ഘടകങ്ങളുണ്ട്. തിരഞ്ഞെടുത്ത സർക്കാർ, പട്ടാളവും രഹസ്യവിഭാഗമായ ഐ.എസ്. ഐ.,ഭീകര സംഘടനകൾ. ഈ പ്രത്യേകത കാരണം കാശ്മീർ വിഷയത്തിൽ തിരഞ്ഞെടുത്ത സർക്കാർ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാനുള്ളശേഷി അതിനില്ല.രണ്ടാമത്തെ വിഭാഗമായ പട്ടാളം ഇതിൽ അവർക്ക് താല്പര്യമുള്ള കാര്യങ്ങളിൽ സർക്കാരിനൊപ്പം നില്ക്കും. കൂടാതെ സർക്കാർ അറിയാതെ പല കാര്യങ്ങളുംചെയ്യും; കാർഗിൽ യുദ്ധം. ഭീകരരെല്ലാം മുസ്ലീം തീവ്രവാദികളാണ്, അതുതന്നെ പല നേതൃത്വത്തിന്റെ കീഴിലാണ്. ഇവർക്ക് ഇഷ്ടമില്ലാത്ത ഏത് നടപടിയേയും അവർ, ഏതുവിധേനയും. എതിർത്തുതോല്പിക്കും. ഇവർ നമുക്കെതിരെ നടത്തുന്ന ആക്രമണങ്ങളിൽപലതും അവിടത്തെ സർക്കാർ അറിയുന്നുമില്ല. ഇതിനിടക്ക് ഇന്ത്യയും പാകിസ്ഥാനും ആണവശക്തികളായി; അവരുടെ കാര്യത്തിൽ പല സംശയങ്ങളുമുണ്ട്, അവർ ചൈനയുടെസഹായത്തിലാണ് ഇതൊക്കെ സംഘടിപ്പിച്ചതെന്നാണ് ബലമായ സംശയം, വിശേഷിച്ചും മിസൈലുകളുടെ കാര്യത്തിൽ. എന്തായാലും അതൊക്കെകൊണ്ട് ഈ കാശ്മീർ വിഷയത്തിൽ ലോകരാഷ്ട്രങ്ങളുടെ ശ്രദ്ധയും കൂടിയിട്ടുണ്ട്.

ഇതിന്റെയൊക്കെ വെളിച്ചത്തിൽ വേണം ഇപ്പോഴത്തെ കാശ്മീരിലെ പ്രശ്നങ്ങളെ കാണാൻ. ഭീകരരുടെ പരിശീലനം കിട്ടിയ വിഘടന വാദികളാണ് ഇപ്പോഴത്തെ പ്രശ്നക്കാർ. കാശ്മീരിലുള്ള 22 ജില്ലകളിൽ 4 എണ്ണത്തിലാണ് ബഹളം നടക്കുന്നത്. അതിൽ ഏതാണ്ട് ഒരുമാസംമുന്നെ ഒരു ചെറുപ്പക്കാരനായ തീവ്രവാദി സുരക്ഷസേനയുമായിട്ടുള്ള ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു. ഇങ്ങനെയുള്ള ഏറ്റുമുട്ടലിൽ രണ്ട് വിഭാഗത്തുമുള്ളവർ കൊല്ലപ്പെടുന്നത് സാധാരണ സംഭവം. പിന്നെ അതിന്റെ പേരിലായി അടുത്ത ബഹളം. അങ്ങനെ ഉണ്ടായ ബഹളവും പൊതുമുതൽ നശിപ്പിക്കുന്നതും നേരിടാൻ സുരക്ഷസേന പെല്ലറ്റ് തോക്കുകൾ ഉപയോഗിച്ചു. ഇപ്പോഴും അക്രമം തുടരുന്നു.

ഇവിടത്തെ കുറെ മനുഷ്യസ്നേഹികളും മാധ്യമങ്ങളും കൂടി പെല്ലറ്റ് പ്രയോഗത്തെ ശക്തമായി എതിർക്കുകയാണ്.അതേ സമയം നമ്മുടെ സുരക്ഷാസേനക്കുണ്ടായ ആൾ നാശത്തിൽ ഇവർക്ക് ഒരു ആവലാതിയുമില്ല; ആകാംക്ഷയുമില്ല. ആക്രമണത്തിൽ പരിക്കേറ്റ ജനത്തിന്റെ പുറത്തുള്ള പെല്ലറ്റ് മുറിവുകൾ കാണിച്ചാണ് മാധ്യമങ്ങൾ അനുതാപം ഉണ്ടാക്കുന്നത്. സ്വാതന്ത്ര്യ ദിനത്തിൽ കൊടിപൊക്കിയ സുരക്ഷാ കമാൻഡന്റിനെ ഭീകർ അന്നേദിവസം തന്നെ കൊലപ്പെടുത്തിയതിലൊന്നും ഇവർക്ക് ഒരു സങ്കടവുമില്ല.

കൂടാതെ ഈ അഭിപ്രായ രൂപീകരണക്കാരുടെ ഒരു വലിയ മനഃപ്രയാസമാണ് അഫ്സ്പ നിയമം. അത് മനുഷ്യാവകാശം ഹനിക്കുന്ന ഡ്രാക്കുള നിയമമെന്നാണ് ഇവർ പറയുന്നത്. ശരീരം മുഴുവൻ മാരകമായ ആയുധങ്ങളുമായി നടക്കുന്ന ഭീകര-വിഘടന വാദികളെ നേരിടാൻ സുരക്ഷാസേനയ്ക്ക് ലാത്തിമാത്രം മതിയെന്നാണ് ഇവർ പറയുന്നത്. ആക്രമണത്തിന്റെ വഴി സമരക്കാർ വെടിഞ്ഞാൽ സുരക്ഷാസേനക്കും പ്രത്യേക നിയമത്തിന്റെ ആവശ്യമില്ല. പക്ഷേ ഇവരാരും അത് പറയില്ല (ഈ നിയമത്തിന്റെ പേരിൽ 16 വർഷമായി മണിപ്പൂരിൽ നിരാഹാരം കിടന്ന വനിത കഴിഞ്ഞ ദിവസം അത് നിർത്തി. അവരെ ഒരു ധീര വനിത ആയിട്ടാണ് മാധ്യമങ്ങളും ബുജികളും ചിത്രീകരിച്ചിരുന്നത്. അവസാനം നിരാഹാരം അവസാനിച്ചപ്പോൾ അവരുടെ കൂടെ ആരുമില്ലാ; പോകാനൊരു ഇടംപോലുമില്ല. ഇപ്പോൾ ജീവന് തന്നെ ഭീഷണി ഉണ്ടെന്നാണ് പറയുന്നത്.

ഈ മനുഷ്യസ്നേഹമൊക്കെ പറയുന്നവർക്ക് കാശ്മീരിലെ പണ്ഡിറ്റുകളുടെ കാര്യത്തിൽ ഒരു താല്പര്യവുമില്ല. അവരൊക്കെ നാടുവിട്ടുപോയിട്ടുകാലം കുറെയായി. അത് കൊണ്ടിനി അവരെ തിരിച്ചു കൊണ്ട് വരേണ്ടെന്നാണ് ഇവരുടെ അഭിപ്രായം.ഇതൊന്നും സായാഹ്ന ചാനൽ ചർച്ചയ്ക്കുള്ള വാർത്തയാകുന്നില്ല. അതുപോലെ ഒരു വിഘടനവാദി ഇന്ത്യൻ പാസ്പോർട്ടിന് കൊടുത്ത അപേക്ഷയിൽ നാഷണാലിറ്റി കോളം പൂരിപ്പിച്ചിട്ടില്ലായിരുന്നു. ഇതൊക്കെ നമ്മുടെ രാജ്യത്തല്ലാതെ വേറെ എവിടെയെങ്കിലും നടക്കുമോയെന്ന് പൊതുജനം ചിന്തിക്കണം.

ഇതിനിടയ്ക്ക് പാക് സർക്കാർ കാശ്മീർ വിഷയത്തിൽ ചർച്ചയാകാമെന്ന് അറിയിച്ചു. പക്ഷെ അതിർത്തി കടക്കുന്ന ഭീകരാക്രമണത്തെക്കുറിച്ച് ചർച്ചയ്ക്ക് ഇന്ത്യ തയ്യാറാണ്. കഴിഞ്ഞ ദിവസം നടന്ന സർവ്വകക്ഷി സമ്മേളനത്തിലും പ്രധാനമന്ത്രി ഇതാവർത്തിച്ചു. വിഘടനവാദികളുമായി ചർച്ചക്കില്ലെന്ന് അറിയിച്ചിരുന്നു. സുപ്രീം കോടതിയും ജൂഡീഷ്യൽ പരിഹാരമല്ല രാഷ്ട്രീയ പരിഹാരമാണ് വേണ്ടതെന്നാണ് പറഞ്ഞത്. ഇതിനുമുന്നെ സ്വാതന്ത്ര്യദിന പ്രസംഗത്തിൽ ബലൂചിസ്ഥാനിലെ മനുഷ്യാവകാശ ലംഘനത്തെ പ്രധാനമന്ത്രി പരാമർശിച്ചിരുന്നു. അക്കാര്യത്തിൽ അവിടത്തെ ജനങ്ങളുടെ പിന്തുണയും ഇന്ത്യക്കുണ്ട്.

ഈ സാഹചര്യങ്ങളിലും നേരത്തെ പറഞ്ഞ മൂന്ന് ഘടകങ്ങളുടെയോജിച്ചല്ലാതെയുള്ള പ്രവർത്തനങ്ങളും കാരണം ഈ കാശ്മീർ പ്രശ്നത്തിനൊരു ശാശ്വതപരിഹാരം ഉടനുണ്ടാകാനുള്ള സാദ്ധ്യത വളരെ വിരളമാണ്. അവിടെ ഭീകരവാദവും വിഘടനവാദവും തുടങ്ങിയിട്ട് ഇപ്പോൾ മൂന്ന് തലമുറകളായി. അതുകൊണ്ട് തന്നെ ഈ ആക്രമണങ്ങളെ അടിച്ചമർത്താൻ അത്ര എളുപ്പമല്ല (ഇസ്രേയേൽ - പാലസ്തീൻ ഏറ്റുമുട്ടൽ ഓർക്കുക) അതുകൊണ്ട് രാഷ്ട്രീയ പരിഹാരത്തിനുള്ള ശ്രമങ്ങൾ ഇന്ത്യാസർക്കാർ ഗൗരവമായി പിന്തുടരണം. അതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുമായി ആദ്യം ഒരു ധാരണയിലെത്തണം അതുകഴിഞ്ഞ് കാശ്മീരിലെ ബന്ധപ്പെട്ട എല്ലാ കക്ഷികളുമായി നേരിട്ടൊ അല്ലാതെയോ ചർച്ചകൾ നടത്തണം. ബ്രിട്ടനിലെ സ്കോണ്ട്യാർഡിനെപ്പോലെ സ്വയംഭരണമുള്ള പ്രദേശമാക്കുന്ന കാര്യങ്ങളും ആലോചിക്കാവുന്നതാണ്.

❖

# ഗ്രഹണമായി, ഞാഞ്ഞൂളുകൾ വിഷം ചീറ്റി തുടങ്ങി

*ഗുരുജി*

ഗ്രഹണസമയത്ത് ഏതുഞാഞ്ഞൂളിനും വിഷം വെയ്ക്കുമെന്നത് നാടൻ ചൊല്ലാണെങ്കിലും അത് ചിലരെ ഉദ്ദേശിച്ചുമാത്രമാണെന്ന് ഇപ്രാവശ്യത്തെ സ്ഥലംമാറ്റ ഉത്തരവുകൾ നോക്കിയാൽ മനസ്സിലാവും. വാലെത്ര കുഴലിലിട്ടാലും കുഴലുവളയുകയല്ലാതെ വാലുനേരെയായ ചരിത്രം ഇന്നേവരെയില്ലാത്തതുകൊണ്ട്, നേരെയാവും എന്നു പ്രതീക്ഷിച്ചവർ ലണ്ടനിൽ മാത്രമല്ല നാട്ടിലും മണ്ടൻമാർ തന്നെ.

പണ്ട് പണ്ട് ആഗസ്റ്റ്മാസത്തിൽ സ്ഥലംമാറ്റ ഉത്തരവുകൾ ഇറങ്ങിയപ്പോൾ അതിനെ കളിയാക്കിയവരും പരിഹസിച്ചവരും ചീത്തവിളിച്ചവരും അച്ചുതണ്ടു തിരിക്കുവാൻ തുടങ്ങിയപ്പോൾ ആഗസ്റ്റ് അവസാനിക്കാറായിട്ടും ഉത്തരവുകൾ ഇറങ്ങുവാൻ ഇനിയും പാലത്തിനടിയിൽകൂടി വെള്ളം ഷൊർണ്ണൂർ വരെ ഒഴുകണം; അവിടെ ഇനി എന്തെല്ലാം കെട്ടിപ്പൊക്കണം; പന്ത്രണ്ടു മാസം ഒരു കൊല്ലത്തിൽ തികയാതെ വരും. അത്രയധികം ഉത്തരവുകൾ ഇറക്കി ആളുകളെ വട്ടംകറക്കി വെടക്കാക്കി തനിക്കാക്കിയാലേ ഉറക്കം വരുകയുള്ളു.

ഇത്തവണത്തെ ശമ്പള പരിഷ്കരണത്തിന്റെ വിഹിതമായി ഓരോരുത്തരും നല്കേണ്ടത് ടൺ കണക്കിനായതുകൊണ്ട്, ഓരോരുത്തരെയും സ്ഥലംമാറ്റ ഉത്തരവിലൂടെ പറപ്പിച്ചിരിക്കുകയാണ്, മുട്ടുവിൻ തുറക്കപ്പെടുമെന്നുള്ള ആപ്തവാക്യമനുസരിച്ച് ശമ്പള പരിഷ്കരണത്തിന്റെ വിഹിതമായി ചെന്നാൽ ഏതു സംഘടനയിൽ നിന്നായിക്കൊള്ളട്ടെ വാതിലുകൾ തുറക്കപ്പെടും. അനോമലികളിൽ തങ്കലിപികളാൽ എഴുതി അവർക്കു സ്വർഗസമാനമായ ഇരിപ്പിടങ്ങളിൽ ഉപവിഷ്ടരാകാം.

അത്തരം ആളുകളെ ഇരിപ്പിടത്തിൽ ഇരുത്തി കഴിയുമ്പോൾ മാലോകർ വിളിച്ചു പറയും എന്തൊരുചേർച്ച, ഈ കസേരയിലേക്ക് ഇങ്ങേരല്ലാതെവേറെ ഒരാളെക്കുറിച്ചും ചിന്തിക്കുവാൻ പോലും പറ്റില്ല. തങ്കലിപികളിൽ ആലേഖനം ചെയ്ത അനോമലി ഉത്തരവിനടിയിലും എഴുതിവെയ്ക്കും ഇതു പൊതുജന താല്പര്യാർത്ഥം പുറപ്പെടുവിച്ച രാജാവിന്റെ ഉത്തരവ്, ഇതിനെ ചോദ്യം ചെയ്യാൻ ആർക്കും അധികാരമില്ല.

അങ്ങ് ഉത്തരോത്തര ജില്ലയിൽ ചെന്നന്വേഷിച്ചാൽ ആളുകൾ ഉത്തരം കിട്ടാതെ അലയുന്നത് കാണാം. സ്ഥലംമാറ്റത്തിന്റെ മാനദണ്ഡമനുസരിച്ച് ആരെങ്കിലും ഏതെങ്കിലും സ്ഥാനത്തേക്കു സ്ഥലംമാറ്റം ആവശ്യപ്പെട്ടെങ്കിൽ മാത്രമാണ് സ്ഥലമാറ്റാറുള്ളത്. എന്നാൽ അങ്ങിനെയങ്ങ് കാസറഗോഡ്കാരെ മനഃസമാധാനത്തോടെ വിട്ടാൽ മനുഷ്യർക്കെല്ലാം നാണക്കേടായതുകൊണ്ടുമാത്രമാണ് ഫുട്ബോൾ കളിയിലെ പന്തടിക്കുന്നപോലെ തട്ടികളിച്ചത്. കാസറഗോഡ് ജില്ല കേരളത്തിലല്ലെന്ന് തെറ്റിദ്ധരിച്ച ആരോ ഒപ്പിച്ച പണിയാണ്.

കണ്ണൂർ ജില്ലയിലാണെങ്കിൽ മുഖ്യമന്ത്രിയുടെ ജില്ലയായതുകൊണ്ട് അവിടെ വിതരണരംഗത്ത് ഞാഞ്ഞൂലുകളുടെ

സ്വന്തം സംഘടനയിൽപെട്ടവരെ വെച്ചാൽ കാര്യങ്ങൾ നേരാംവണ്ണം നടക്കില്ലെന്നു ബോദ്ധ്യമുള്ളതുകൊണ്ട് സ്വന്തം ടീമംഗങ്ങളെ മുഴുവൻ സേഫായി സിസ്റ്റമാറ്റിക് ആയി സിസ്റ്റം ഓപ്പറേഷനിലേക്ക് കടത്തികൊണ്ടുപോയി ഒളിവിൽ താമസിച്ച് തിരിച്ച് വരുമ്പോൾ രക്തസാക്ഷികളുമാവാം. അപ്പോഴേക്കും സമ്പൂർണ വൈദ്യുതീകരണവും കഴിഞ്ഞ് ആളുകളൊക്ക കറന്റുമായി വീട്ടിലിരിക്കുന്നുണ്ടാവും. എന്തൊക്കെ സുഖഭദ്രമായ പദ്ധതി.

മുഖ്യമന്ത്രിയുടെ ജില്ലയിൽപ്പോലും വിതരണ രംഗത്ത് ജോലി ചെയ്ത് കഷ്ടപ്പെടുവാൻ തയ്യാറാകാത്ത, ഈ ഞാഞ്ഞൂലുകളുടെ സംഘങ്ങൾക്ക് എന്ത് ആത്മാർത്ഥതയാണുള്ളത്. സിസ്റ്റമാറ്റിക് ആയി സിസ്റ്റം ഓപ്പറേഷനിലേക്കു സ്ഥലംമാറ്റം വാങ്ങിയവർക്ക് മറ്റു സംഘടനയിൽപെട്ടവർ സ്ഥലംമാറ്റ ഉത്തരവ് ഇറങ്ങിയിട്ടും പഴയ കസേരകളിൽ ഇരിക്കുന്നത് കണ്ട് സഹികെട്ട് അങ്ങിനെയിരിക്കുന്നവരെ പടക്കം പൊട്ടിച്ച് ഓടിക്കുവാൻ ചെന്നപ്പോഴാണ്, ഒരു കാര്യം മറ്റുള്ളവർ ഓർമിപ്പിച്ചത്, എന്താ നിങ്ങൾക്ക് സ്ഥലംമാറ്റത്തിന് ഉത്തരവിറങ്ങിയില്ലെ, എന്താ ഇങ്ങള് പോണില്ലെ, ആട ഇപ്പോ ആളുടെ ആവശ്യല്ല പതുക്കെപ്പോയാ മതി എന്ന ഉത്തരവും പറഞ്ഞു ചമ്മിനില്പാണ്.

കോഴിക്കോടൻ ചന്തയില് കാര്യങ്ങൾ കുറച്ചുകൂടി കടുപ്പത്തിലാണ്, ജനറേഷൻ അഞ്ചും ആറും കൊല്ലം കഷ്ടപ്പെട്ട് ബുദ്ധിമുട്ടി കഴിഞ്ഞവർഷം ഉത്തരവു കിട്ടിയിട്ടും ആറുമാസം കാത്തുനിന്നിട്ടാണ് വിടുതൽ ലഭിച്ച് നാടിനടുത്തേക്ക് എത്തിപ്പെട്ടത്, അത്തരം ആളുകളെ തിരഞ്ഞുപിടിച്ച് ഇപ്രാവശ്യത്തെ സ്ഥലംമാറ്റത്തിന്റെ ഉത്തരവിലൂടെ സ്ഥലംമാറ്റികളഞ്ഞു. കാരണം അവർ തീവ്രവാദികളാണ്; അവരെ വീടിനടുത്ത് വെച്ചോണ്ടിരുന്നാൽ ബോംബുകൾ വർഷിക്കപ്പെടും.

നല്ലളം, ചേവായൂർ തുടങ്ങി നിരവധി സബ്സ്റ്റേഷനുകളിൽ നിരവധി കൊല്ലങ്ങളായി ഇരിക്കുന്നവർക്കൊന്നും ഒരു മാറ്റവുമില്ല. നല്ലളത്ത് സർക്കിളിൽ അഞ്ചുവർഷമായി ഇരിക്കുന്നവർക്ക് മാറ്റവുമില്ല. എന്നാൽ ഒരു വർഷം തികയാത്തവരെപ്പോലും സ്ഥലംമാറ്റി പാഠം പഠിപ്പിക്കുന്നതാണ് ഇവരുടെ ഹോബി, അവിടെയും വിതരണരംഗത്ത് ജോലി ചെയ്യാൻ നമ്മുടെ സംഘടനക്കാരാരും തയ്യാറല്ലാത്തതുകൊണ്ട് മറ്റുള്ളവരെ തട്ടിക്കൂട്ടി വിതരണ രംഗത്തേക്കു പറഞ്ഞു വിട്ടിരിക്കുകയാണ്. പാലക്കാടും തൃശ്ശൂരും വിദ്യവേറെയാണ് സ്കൂളിൽ പഠിക്കുന്ന കുട്ടികൾ നടന്നുപോകുമ്പോൾ കുട്ടികളുടെ തലയിൽ തോണ്ടി വഴക്കുണ്ടാക്കുന്നതുപോലെയാണ്. പ്രസരണരംഗത്ത് സമാധാനമായി ഇരിക്കുന്നവരെ വിതരണ രംഗത്തേക്കു പറഞ്ഞുവിട്ടു. ഇനി അഥവാ ആരെങ്കിലും വിതരണ രംഗത്ത് സമാധാനമായിട്ടിരിക്കുന്നതുണ്ടെങ്കിൽ ചോദിക്കാതെ തന്നെ പ്രസരണ രംഗത്തെയ്ക്കു പറഞ്ഞുവിടും. തലയിൽ രണ്ടു കൊട്ടുകൊടുത്തില്ലെങ്കിൽ ഒരു സമാധാനവുമില്ലാത്തതുകൊണ്ട് ചെയ്തിട്ടുള്ളതാണ്. ഒപ്പം ശമ്പള പരിഷ്കരണത്തിന്റെ വിഹിതം നല്കാത്ത സ്വന്തം സംഘടനക്കാരെ കാസറഗോഡേക്ക് പഠനത്തിനായി വിടുവാനും മറന്നിട്ടില്ല.

അങ്ങിനെയങ്ങിനെ തിരുവനന്തപുരത്തെത്തുമ്പോഴെക്കും സമ്പൂർണ്ണ വൈദ്യുതീകരണമല്ലെ മുന്നിൽകിടക്കുന്നത്. അത് വിജയിപ്പിക്കുവാൻ ഞാഞ്ഞൂളുകളുടെ →

സംഘം കൊണ്ടാവില്ല മക്കളെ എന്നു പൂർണബോധ്യമുള്ളതുകൊണ്ടുമാത്രമാണ് ഈ കടുംകൈ ചെയ്തിരിക്കുന്നത്. സ്വന്തം അണികളെക്കുറിച്ച് ഉത്തമബോദ്ധ്യം ഉള്ളത് ഒരു മുതൽകൂട്ടാണ്.

സ്ഥലംമാറ്റ പരമ്പരതുടങ്ങുന്നതിനു മുമ്പായി എച്ച്. ആർ.എം. ചീഫ് എഞ്ചിനീയർ സംഘടനകളുടെ ഒരു മീറ്റിംഗ് വിളിക്കുന്നു. എല്ലാ സംഘടനകളും ഓടിയെത്തിയപ്പോൾ ഓരോ ജില്ലയിലെയും കണക്കുകൾ നിരത്തി വലിയ വായിൽ വർത്തമാനം പറയുന്ന ചിലരുടെ വാചക കസർത്തിലൂടെ ഓരോ തസ്തികയിൽപെട്ടവരുടെയും ജില്ലയ്ക്കു പുറത്തുപോകേണ്ടിവരുന്നവരുടെയും കണക്കുകൾ പറയുന്നു. കണക്കുകൾ കേട്ട മറ്റു സംഘടനക്കാരെല്ലാം പോകേണ്ടിവരുന്നവരുടെ കണക്കിൽപെടുന്നവരോട് സ്ഥലംമാറ്റത്തിന് അപേക്ഷിക്കുവാൻ നിർദ്ദേശിച്ച് അപേക്ഷിച്ചു. കണക്കിൽപ്പെടാത്തവർ ആരും അപേക്ഷിച്ചില്ല.

സ്ഥലംമാറ്റ ഉത്തരവുകൾ ഒന്നൊന്നായി ഇറങ്ങുവാൻ തുടങ്ങിയപ്പോഴാണ് എച്ച്.ആർ.എം. ചീഫ് എഞ്ചിനീയറുടെ ആഫീസിൽ ഒരു കണക്കുമില്ലെന്ന് ബോദ്ധ്യപ്പെട്ടത്. അഞ്ചുപേർ ജില്ലയ്ക്ക് പുറത്തുപോകേണ്ടിവരുമെന്ന് പറഞ്ഞിടത്ത് ഇരുപത്തിയഞ്ചുപേരാണ് ജില്ലയ്ക്കു പുറത്തുപോയത്, എന്തൊരു കൃത്യമായ കണക്ക്. അവാർഡ് തന്നെ കൊടുത്ത് പേ വാർഡിൽ അഡ്മിറ്റ് ചെയ്യണം.

മൈക്രോസ്കോപ്പുവെച്ചു നോക്കിയപ്പോൾ മറ്റു സംഘടനയിൽപെട്ട ചിലർ മനഃസമാധാനത്തോടെ ചില കസേരകളിൽ ഇരിക്കുന്നതുകണ്ടു സഹിക്കുവാൻ പറ്റാതെ പുതിയ തിയറിതന്നെ ഉണ്ടാക്കി അവരെ തട്ടിത്തെറിപ്പിക്കുവാൻ നാൽപതുകിലോ മീറ്ററിനുള്ളിലുള്ള മാറ്റം ഒരു സ്ഥലംമാറ്റമല്ല; അതൊരു മാറ്റം മാത്രം. അങ്ങിനെയാണ് കേരളത്തിലുടനീളമുള്ള മറ്റുസംഘടനക്കാരെയെല്ലാം വേട്ടപ്പട്ടികളെ വിട്ട് കസേരകളിൽ നിന്ന് ഓടിച്ചത്.

പിന്നെന്തിനാണ് സംഘടനക്കാരെയെല്ലാം വിളിച്ചുകൂട്ടി പ്രഹസന നാടകം കളിച്ചത്.ഏതൊരാൾക്കും ഒരു തെറ്റൊക്കെ പറ്റാം എന്നു കരുതി ഇനിയുള്ള മീറ്റിംഗുകൾക്ക് പങ്കെടുക്കാതിരിക്കാം.

സമ്പൂർണ്ണ വൈദ്യുതീകരണം വിജയിപ്പിക്കുവാൻ എല്ലാ സംഘടനകളുടെയും സംഘടനാംഗങ്ങളുടെ സഹകരണം വേണമെന്നാവശ്യപ്പെട്ട് എന്തൊരു വിനയത്തോടെയുള്ള അപേക്ഷയായിരുന്നു. ഇത്തരത്തിൽ തെക്കുവടക്കുതട്ടിലുള്ള സ്ഥലംമാറ്റ ഉത്തരവുകളിറക്കി മറ്റുള്ള സംഘടനകളെ ദ്രോഹിച്ചിട്ട്, സഹകരണം കർമത്തിലൂടെ പ്രതീക്ഷിക്കുന്നതിൽ ഒരു കാര്യവുമില്ല. മനസ്സറിഞ്ഞു സഹകരണം ഉണ്ടാവുമെന്നു കരുതേണ്ടതില്ല.

റഗുലേറ്ററി കമ്മീഷനിലേക്കു മാർച്ച് നടത്തുവാനും കേന്ദ്ര സർക്കാരിനെതിരെ സമരം ചെയ്യുവാനും എല്ലാ സംഘടനക്കാരും വേണം. സ്ഥലംമാറ്റ ഉത്തരവുകളുടെ കാര്യംവരുമ്പോൾ ഞങ്ങൾവേറേ നിങ്ങൾവേറേ. അത്തരം തന്ത്രത്തിന്റെ കാലമൊക്കെ കഴിഞ്ഞു. ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങളുടെ കലാശക്കൊട്ടായി സെപ്റ്റംബർ 2ലെ പണിമുടക്കിനെ നമുക്കു കാണാം. അങ്ങിനെ കാണുന്നതാണ് അതിന്റെയൊരു ഭംഗി.

❖

# തിളങ്ങുന്ന കണ്ണുകൾ

*Er. എൻ.ടി. ജോബ്*

**ബ**സ് സ്റ്റോപ്പിൽ കണ്ട ഒഴിഞ്ഞ കസേരയിൽ കയറി ഇരുന്നപ്പോഴാണ് ഓർത്തത് ബസ് വരുവാൻ ഇനിയും ഒരു മണിക്കൂറെങ്കിലും കഴിയുമെന്നുള്ള കാര്യം. ഇപ്പോഴാണെങ്കിൽ വാട്ട്സ് അപ്പും, ഫേസ് ബുക്കുമെല്ലാം നോക്കിയിരുന്നാൽ സമയം പോണതറിയില്ല, അന്നത്തെ ആ കൊച്ചു ഫോണിൽ അത്തരം സംഗതികളൊന്നുമുണ്ടായിരുന്നില്ല. എങ്കിലും ഫോണെടുത്ത് വായിക്കുവാൻ ബാക്കിയുണ്ടായിരുന്ന മെസേജുകളെല്ലാം വായിച്ചുകൊണ്ടിരിക്കുമ്പോഴാണ്, വന്നുനിന്ന ഒരു ബസിൽ നിന്നും കുറെയധികം ആൺകുട്ടികളും പെൺകുട്ടികളും ബസ് സ്റ്റോപ്പിലേക്കു കയറി വന്നത്. കാഴ്ചയിൽ ഏതോ കോളേജിൽ നിന്നും വരുന്നതാണെന്നു മനസ്സിലായി. ചുറുചുറുക്കോടെ വന്ന അവരെല്ലാം ബാഗുകൾ ഒരു മൂലയ്ക്കുകൂട്ടിവച്ച് അതിൽനിന്നുമെല്ലാം ഓരോ ചെപ്പുകൾ കയ്യിലെടുത്തു, എല്ലാവരും ബസ് സ്റ്റോപ്പിനു മുമ്പിലും പുറമെയുണ്ടായിരുന്ന ആളുകൾക്കിടയിലേക്കു നീങ്ങി. എൻ.എസ്.എസ്. ചാരിറ്റി ഫണ്ട് എന്ന് ഓരോ ചെപ്പിനു പുറത്തും എഴുതിയിട്ടുണ്ടായിരുന്നു. സാമാന്യം ജനത്തിരക്കുള്ള സെന്ററായിരുന്നതുകൊണ്ട് അവർ നീട്ടിയ ചെപ്പുകളിലേക്കു ആളുകൾ പൈസ ഇട്ടുകൊണ്ടിരുന്നു. നാഷണൽ സർവീസ് സ്കീം എന്നു വായിച്ചപ്പോഴാണ് പഴയ ക്യാമ്പുകളിലെ പ്രവർത്തനങ്ങൾ ഓർത്തത്, ഊർജസംരക്ഷണത്തിനെക്കുറിച്ച് ക്ലാസ്സെടുക്കുവാൻ ഒരു എഞ്ചിനീയറിംഗ് കോളേജിൽ ചെന്നപ്പോഴാണ് ആ ടീച്ചറെ പരിചയപ്പെട്ടത്. നാടിനെക്കുറിച്ച് പറഞ്ഞപ്പോൾ കേട്ടുപരിചയമുള്ള പേരായതുകൊണ്ട് പറഞ്ഞു, ഞങ്ങൾ എൻ.എസ്.എസ്. ക്യാമ്പിന്റെ ഭാഗമായി അവിടെ ഒരു റോഡു വെട്ടിയ കഥ. ഉടൻ ടീച്ചറുടെ മറുപടി സത്യത്തിൽ അത്ഭുതപ്പെടുത്തി, നിങ്ങൾ വെട്ടിയ റോഡിനോടു ചേർന്ന വീടാണ് എന്റേത്, അച്ഛനുമമ്മയും പറഞ്ഞുകേട്ടിട്ടുണ്ട് കേരളത്തിൽ നിന്നും കുട്ടികൾ വന്നു റോഡു വെട്ടിയ കാര്യം. ഞാനന്ന് തീരെ ചെറുതായിരുന്നു. ഞങ്ങൾക്ക് ആ റോഡ് വളരെ ഉപകാരപ്പെട്ടു. അന്ന് ആ റോഡിനെതിരെ ചിലരുണ്ടാക്കിയ വഴക്കിനെക്കുറിച്ചും കേട്ടിട്ടുണ്ട്.

പുലർച്ച അഞ്ചുമണിക്ക് എഴുന്നേറ്റ് തുടങ്ങുന്ന ആ ക്യാമ്പിലെ ജീവിതം ഇന്നും ഓർമ്മയിൽ തങ്ങി നിൽക്കുന്ന അനുഭവങ്ങളാണ് നൽകിയിട്ടുള്ളത്. പലഗ്രൂപ്പുകളായി തിരിച്ച് ഓരോ കൂട്ടർക്കും ഓരോ ജോലി വീതം വെച്ചിരുന്നു. ഒരു കൂട്ടർക്ക് അടുക്കളയാണെങ്കിൽ ഒരു കൂട്ടർക്ക് ഹൗസ് കീപ്പിംഗ്, അങ്ങനെ പലതും. ഒരു സ്കൂളിലെ രണ്ടു മൂന്നു ക്ലാസിലെ തട്ടികകൾ മാറ്റിയിട്ടുണ്ടാക്കിയ ഹാൾ ആയിരുന്നു താമസ സ്ഥലം. എട്ടുമണിയോടുകൂടി ബ്രേക്ക് ഫാസ്റ്റുകഴിഞ്ഞ് റോഡു പണിയാണ്. അടുത്തുള്ള വീടുകളിൽ നിന്നെല്ലാം കൈക്കോട്ടും പിക്കാസുമെല്ലാം ശേഖരിച്ചായിരുന്നു പണി. എല്ലാത്തിലും പെയിന്റുകൊണ്ട് ഓരോ വീട്ടുകാരുടെയും പേരെഴുതി കോളേജ് വിദ്യാർത്ഥികളാണെങ്കിലും കൈക്കോട്ടെടുത്ത് കിളയ്ക്കാൻ തുടങ്ങിയപ്പോൾ വിയർക്കാൻ തുടങ്ങി. രണ്ടുമണിക്കൂർ കഴിഞ്ഞപ്പോൾ കട്ടൻകാപ്പിയും കപ്പയും നാട്ടുകാരുടെ വകയായെത്തി, നാട്ടുകാരും പണിയിൽ പങ്കുചേർന്നിരുന്നു. ബുദ്ധിമുട്ടുള്ള പണിയായിരുന്നെങ്കിലും പതിനഞ്ചു ദിവസത്തിനുശേഷം ക്യാമ്പ് അവസാനിച്ചപ്പോൾ വിഷമം തോന്നി.

അപ്പോഴേക്കും പിരിവിനിറങ്ങിയ ആൺകുട്ടികളും പെൺകുട്ടികളും തിരിച്ചെത്തിയിരുന്നു. പ്രതീക്ഷിച്ചതിലും കൂടുതൽ പൈസ പിരിഞ്ഞു കിട്ടിയതിന്റെ സന്തോഷം എല്ലാവരുടെ മുഖത്തുണ്ടായിരുന്നു. അടുത്തുവന്ന

ബസിൽ അവരെല്ലാം കയറിപോയപ്പോൾ ഒരു ശൂന്യത അനുഭവപ്പെട്ടിരിക്കുമ്പോഴാണ് മുഷിഞ്ഞ വസ്ത്രങ്ങളുമായി മൂന്നുപേർ ബസ് സ്റ്റോപ്പിലേക്കു കയറി വന്നത്, കാഴ്ചയിൽ അച്ഛൻ, മകൾ, അമ്മ എന്നിവരുടെ ഒരു കുടുംബം എന്നു തോന്നി. അഴുക്കു പിടിച്ച് അറയ്ക്കുന്ന തരത്തിലുള്ള വസ്ത്രങ്ങളാണ് മൂവരും ധരിച്ചിരുന്നത്. മുടിയും അതുപോലെ അലങ്കോലപ്പെട്ടായിരുന്നു കിടന്നിരുന്നത്. പെൺകുട്ടിയ്ക്ക് പത്തോ പന്ത്രണ്ടോ വയസുകാണും. അടുത്തു കിടന്നിരുന്ന ഒഴിഞ്ഞ കസേരയിൽ അച്ഛൻ എന്നു തോന്നിക്കുന്ന ആൾ കടന്നിരുന്നപ്പോൾ അടുത്തുനിന്നിരുന്ന ആളുകളെല്ലാം ഒഴിഞ്ഞുമാറി, അവർ നീട്ടിയ കൈകളിലേക്ക് ആരും തന്നെ ചില്ലറ തുട്ടുകളിട്ടില്ല. പക്ഷെ ആ പെൺകുട്ടിയുടെ കണ്ണുകളിലെ തിളക്കം വല്ലാതെ ആകർഷിച്ചു. അടുത്ത കസേരയിൽ മുഖം താഴ്ത്തിയിരിക്കുന്ന മനുഷ്യന്റെ മുഖത്തേക്കു നോക്കിയെങ്കിലും അദ്ദേഹത്തിൽ നിന്നും ഒരു പ്രതികരണവുമുണ്ടായില്ല. അവരുടെ കഥയറിയാനുള്ള ആകാംക്ഷകൊണ്ട് പേരും നാളുമെല്ലാം തിരിക്കിയെങ്കിലും മൗനമായിരുന്നു മറുപടി. പിന്നെയും പിന്നെയും ചോദിച്ചപ്പോഴാണ് കാര്യം പറഞ്ഞത്. രണ്ടു മക്കളടങ്ങുന്ന കുടംബമായിരുന്നു അവരുടേത്. മൂത്തമകൻ കാൻസർ വന്ന് മരണപ്പെട്ടു. അതു പറയുമ്പോൾ അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. മകന്റെ ചികിത്സക്കു വേണ്ടി കയ്യിലുണ്ടായിരുന്ന പൈസയെല്ലാം ചെലവഴിച്ചു. തികയാതെ പലതരത്തിലുള്ള കടങ്ങളുമുണ്ടായി. ജീവിതംകൊണ്ട് ആകെ സമ്പാദിച്ചിരുന്ന വീടും ബാങ്കുകാർ ജപ്തി ചെയ്തെടുത്തതോടുകൂടി കയ്യിൽ പൈസയും കിടന്നുറങ്ങുവാൻ വീടും ഇല്ലാതായി. ആരും സഹായിക്കാനില്ലാത്ത അവസ്ഥയിൽ ഊരുചുറ്റി നടക്കുന്നു. മകൾ ആറാം ക്ലാസിൽ മിടുക്കിയായി പഠിച്ചുകൊണ്ടിരുന്നു. മകന്റെ അസുഖവും കടംകയറിയ ജീവിതവും അവളുടെ പഠിപ്പും അവസാനിപ്പിച്ചു. ഒരു ഗതിയുമില്ലാതെ ഇങ്ങിനെ നടക്കുന്നു. എല്ലാവരോടും ഇരന്നു ജീവിക്കുന്നു. ഈ മുഷിഞ്ഞവേഷമിട്ട് ആരോടു ചോദിച്ചാലും ഒന്നും തരാറില്ല. വല്ലവരും തന്നാലായി. കിട്ടുന്ന ചില്ലറ തുട്ടുകൾകൊണ്ട് മകൾക്ക് എന്തെങ്കിലും കഴിക്കുവാൻ വാങ്ങികൊടുക്കാൻ കഴിയണമേയെന്ന പ്രാർത്ഥന മാത്രമാണിപ്പോഴുള്ളത്. ദൈവത്തിനോട് ഈയൊരു പ്രാർത്ഥനമാത്രമാണ് ഉള്ളത്. ഇത്രയും ദുരിതമനുഭവിച്ചിട്ടും ദൈവത്തിലുള്ള അവരുടെ പ്രതീക്ഷ അത്ഭുതപ്പെടുത്തി. പോക്കറ്റിലുണ്ടായിരുന്ന പൈസയിൽ കുറച്ചെടുത്ത് നീട്ടിയകൈകളിൽ വെച്ചു കൊടുത്തപ്പോൾ അവരുടെ കണ്ണുകളിൽ അല്പം സന്തോഷം പ്രകടമായി.

അപ്പോഴേക്കും ബസ് എത്തിക്കഴിഞ്ഞിരുന്നു. അതിൽകയറി, ഇരിക്കുവാൻ സീറ്റുകിട്ടിയതു കാര്യമായി. ബസിലിരുന്ന് ചിന്ത മുഴുവൻ ആ കുടംബത്തെക്കുറിച്ചായിരുന്നു. നിസ്സഹായരായി മാറുന്ന മാതാപിതാക്കളുടെ ഇടയിൽ വളരുന്ന ആ കൊച്ചുമകളുടെ മുഖം വല്ലാതെ വ്യാകുലപ്പെടുത്തി. മനസ്സിലൂടെ പാഞ്ഞുപോയ പലവിധ ചിന്തകൾക്കിടിയിലാണ് അനാഥശാല നടത്തുന്ന ഒരു അച്ഛന്റെ കാര്യം ഓർമ്മവന്നത്. എന്നോ ഒരു ദിവസം പരിചയപ്പെട്ടപ്പോൾ അദ്ദേഹം തന്ന ഫോൺ നമ്പർ ഫോണിലുണ്ടായിരുന്നു. പിന്നീട് അനാഥശാലയിൽ ചെന്ന് പരിചയപ്പെട്ടതുകൊണ്ടാണെന്നു തോന്നുന്നു ഒരു അടുപ്പം രൂപപ്പെട്ടിരുന്നു. ഫോണിൽ നമ്പർ തിരഞ്ഞെടുത്ത് വിളിച്ചുനോക്കി, അച്ഛന്റെ ഫോണിൽ പേര് സൂക്ഷിച്ചുവെച്ചിരുന്നതുകൊണ്ട് കൂടുതൽ പരിചയപ്പെടുത്തേണ്ടതായി വന്നില്ല. അച്ഛനോടു മൂന്നംഗ കുടുംബത്തെക്കുറിച്ചു പറഞ്ഞു. ഇവിടെ ഇപ്പോൾതന്നെ ആളുകൾ അധികമാണ് എങ്കിലും ഒന്നുശ്രമിച്ചുനോക്കാം. നിസ്സഹായരായ ഒരു കുടുംബത്തെ രക്ഷിക്കുവാൻ കഴിഞ്ഞാൽ അത്രയുമായല്ലോ എന്ന വാക്ക് പ്രതീക്ഷ നൽകി.

കവിത

# ഗുരുദക്ഷിണ

*Er. പി. രാമചന്ദ്രൻ*
കണ്ണൂർ യൂണിറ്റ്

**കണ്ടു** ഞാൻ നിന്നെയെൻ അരുമയായി
വിദ്യകളൊന്നൊന്നായഭ്യസിപ്പിച്ചു യഥാകാലം
യോഗയും, കളരിയും, ഗുപ്തസപ്തവിദ്യയും
സർവ്വതും ഭേദമില്ലാതെ നൽകി-
യെൻ ഹസ്തം ശൂന്യമായി.
നിൻഗുരുത്വവും, വിനയവും സംപ്രീതനാക്കിയെന്നെ !.....
"കാണട്ടെ നിൻചുവടുകൾ എന്നുകല്പിച്ചൊരുദിനം
ആദ്യമേ പ്രയോഗിച്ചു ഗുരുവിൻമെയ്യിൽ
മറുകൈയില്ലാ ചുവടുകൾ !
വീണു കളരിമുറ്റത്ത് ഗുരുവരൻ,
മറുകണ്ടം ചാടാൻ വയ്യ
കണ്ടു നിൻമിഴികളിൽ
"പെരുന്തച്ചൻ" രൂപമാറ്റം!
വിജയീ ഭാവവും, ക്രുദ്ധഭാവവും
കണ്ടില്ലായൊരു സഹതാപവും !
"വിദ്യനൽകീടണം പാത്രമറിഞ്ഞു നീ-"
യെന്ന നീതിവാക്യവും ബോധ്യമായി.
മനം തപിച്ചു അസ്ത പ്രജ്ഞനായി.
ഗുരുദക്ഷിണ നൽകിയോ യഥോചിതം ?!
കാലമേ കാത്തുകൊളളുക
എൻ അരുമയെ വഴിപോലെ.

❖

---

സന്തോഷംകൊണ്ട് ബസിലിരുന്ന് ഉറങ്ങിപ്പോയി. സ്ഥലമെത്തിയപ്പോൾ ബസിൽ നിന്നും ഇറങ്ങി. സാധാരണ ജീവിതത്തിലേക്ക് ഊർന്നിറങ്ങിയപ്പോൾ ആ കുടുംബത്തെക്കുറിച്ചെല്ലാം മറന്നു കഴിഞ്ഞിരുന്നു. പിന്നീട് അച്ചനെ വിളിച്ച് അവരുടെ അടുത്ത് പോയോ എന്നുള്ള കാര്യങ്ങൾ അന്വേഷിക്കുവാൻ തോന്നിയതുപോലുമില്ല.

പിന്നീടൊരിക്കൽ അച്ചനെ വഴിയിൽ വച്ച് കണ്ടപ്പോൾ അറിയാതെ ചോദിച്ചുപോയി അന്ന് ആ കുടുംബത്തെ കണ്ടിരുന്നുവോ യെന്ന്. പിന്നെ ! അവരെ അപ്പോൾ തന്നെ പോയി കണ്ടു; അവരെ അനാഥശാലയിലേക്കു കൂട്ടിക്കൊണ്ടുപോരുകയും ചെയ്തു.

നിങ്ങൾ അന്നതു വിളിച്ചുപറഞ്ഞത് വളരെ നന്നായി. ഇപ്പോൾ അനാഥശാലയിൽ നിന്നു മാറി ഒരു ഇടവക പളളിയിലെ വികാരിയാണ്. എങ്കിലും പഴയസ്ഥലത്തുപോകാറുണ്ട്. ഈയടുത്ത് അവിടെപോയിരുന്നു. അവരിപ്പോൾ അനാഥശാലയിലില്ല. ചെറിയ ഒരു കച്ചവടം തുടങ്ങുവാൻ വേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തതോടുകൂടി അങ്ങേര് ഉഷാറായി. അതിൽ നിന്നുള്ള വരുമാനം കൊച്ചുവീടുവെച്ച് അവരങ്ങോട്ടുമാറി. മകൾ അനാഥശാലയോടു ചേർന്നുള്ള സ്കൂളിൽ തന്നെയാണ് പഠിക്കുന്നത്, അവൾ എട്ടാം ക്ലാസ്സിലെ ഏറ്റവും മിടുക്കിയായ കുട്ടിയായി അവളവിടെയുണ്ട്. ഒന്നുപോയി കാണാമായിരുന്നില്ലേ. ? അവർക്കു സന്തോഷമാവും.

❖

# UNIT ACTIVITIES

## KSEB ENGINEERS ASSOCIATION

## Muvattupuzha Unit

Unit meeting held on 17.08.2016 at Hotel Kabani International Muvattupuzha. Chairman Er Jose Mathew briefed about the current activities in KSEB Ltd. Secretary Er V.R.Vijayakumar read out the minutes of the last months unit meeting and was passed. Er Mujeeb briefed about the activities in the last Governing body meeting. Unit actively discussed about the transfer issues of Assistant Engineers. Unit strongly protest against the transfer of AEs from the Idamalayar power house without considering the isolated area priorities. Unit opined that the centre shall take earnest effort for implementing the proposals for the transfer guide lines submitted by our Unit. Unit electrified the house of Sri. Gopalan, Thanichuvattil, Kottappady a BPL family as a charity activity. Meeting actively discussed about limiting the work load of AEs by minimizing "M Book" writing and unifying the procedure for works and purchase for which the detailed report will be send to the centre at the earliest. Pay revision arrear collection started and 14 members paid the same. 6 members of the unit office bearers joined in benevolent Fund Silver plus scheme.

❖

# ENERGY QUIZ -2016

KSEB Engineers' Associaion is conducting

**Dr. APJ Abdul Kalam Energy Quiz Competition**

for Engineering College Students

State level **on 15th October**

(on the birthday of Dr. APJ Abdul Kalam)

Venue : St.Gitts College of Engineering, Kottayam

**District level : 1st week of October**

*For more details visit : www.ksebea.in*

# Congratulations

Er. V.K. Joseph

Er. V.K.Joseph has been promoted as Chief Engineer (Commercial). KSEBEA wishes him success in all his future endeavours.

Er. John Muzhuthettu

എഴുത്തുകാരനും ട്രെയ്നറും ഹ്യൂമൻ റിസോഴ്സ് കൺസൽട്ടന്റുമായ ജോൺ മുഴുത്തേറ്റിനു ആചാര്യ നാഗാർജുന യൂണിവേഴ്സിറ്റിയിൽ നിന്നും മനഃശാസ്ത്രത്തിൽ പി.എച്ച്.ഡി. ലഭിച്ചു. തൊഴിൽ സംഘർഷങ്ങൾ ഉണ്ടാവുന്നതിൽ സംഘടനാപരവും മനഃശാസ്ത്രപരവുമായ ഘടകങ്ങളുടെ പങ്ക് എന്ന വിഷയത്തിൽ ആന്ധ്രാ യൂണിവേഴ്സിറ്റി സൈക്കോളജി വിഭാഗം പ്രൊഫസർ ഡോ. റ്റി.വി. ആനന്ദറാവുവിന്റെ മേൽനോട്ടത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ എൻജിനീയർമാരുടെ ഇടയിൽ നടത്തിയ ഗവേഷണത്തിനാണ് ഡോക്ട്രേറ്റ് ലഭിച്ചത്. ഇലക്ട്രിസിറ്റി ബോർഡിലെ മുൻ ഡെപ്യൂട്ടി ചീഫ് എൻജിനീയർ കൂടിയാണ് ഇദ്ദേഹം.

നിരവധി മനഃശാസ്ത്രഗ്രന്ഥങ്ങളുടെ കർത്താവും കോളമിസ്റ്റും മോട്ടിവേഷണൽട്രെയ്നറുമായ ജോൺ മുഴുത്തേറ്റ് രാമപുരം മാർ അഗസ്തിനോസ് കോളേജിൽ ഡിപ്പാർട്ട്മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ അദ്ധ്യാപകൻ, തൊടുപുഴ ഉപാസന സാംസ്കാരിക വേദി സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിക്കുന്നു.

KSEB ENGINEERS' ASSOCIATION

Price ₹ 10

HYDEL BULLET Monthly
RNI Reg.No.KERENG/2013/48628
Reg. No. KL/TV(N)/645/2016-2018

Licensed to Post without pre payment.
No. KL/TV(N)WPP/203/ 2016 - 18 at Tvpm. RMS
Date of P ublication 26-08-2016




Er.Bipin Shankar,Vice President,KSEBEA addressing the protest march held against the KSERC at Thiruvananthapuram on 19.08.2016

Edited, Printed & Published by P. Muraly, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum -01, Ph : 2330696, email:hydelbulletin@gmail.com,web : ksebea.in at Bhagath Printers, Pattom,Trivandrum - 4 , Ph : 4017097, bhagathpattom@yahoo.com,bhagathprinters@gmail.com

For private circulation only